# ഒരു കൃഷി ഓഫീസറുടെ ജാതകം

**കൃഷിക്കാരുടെ ഓർമക്കുറിപ്പുകൾ - ആറ്**

**കാരുമാത്ര ഭവാനന്ദൻ**

ആധുനിക ശാസ്ത്രകാരൻമാർക്ക് കാലാവസ്ഥ പ്രവചിക്കുവാൻ എവിടെയെങ്കിലും ഒരു 'ന്യൂനമർദം' രൂപപ്പെട്ടു കിട്ടണം. ജ്യോതിഷിക്കാകട്ടെ ഗ്രഹങ്ങളുടെ രാശിചാരവും നക്ഷത്രചാരവും കണക്കുകൂട്ടി ഇന്നദിവസം ഇന്ന രാശിയിൽ ന്യൂനമർദം രൂപപ്പെടുമെന്നും ഇത്ര ദിവസം ആയത് നിലനില്ക്കുമെന്നും കൃത്യമായി പ്രവചിക്കുവാൻ കഴിയും. മൂന്നു മാസംകൊണ്ട് തപാൽ വഴി പഠിച്ച് പണ്ഡിതരായവർക്ക് പറ്റുന്ന കാര്യമല്ലത്. ലേശം ബുദ്ധിവേണം. യുക്തിപൂർവം വിലയിരുത്തുവാനുള്ള കഴിവും വേണം.

ജ്യോതിഷം രൂപപ്പെട്ട കാലത്ത് കൊച്ചുവഞ്ചിയും തേരും മാത്രമേ ഈ ഭൂമുഖത്തുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഗ്രഹനില നോക്കി വഞ്ചിക്കുത്തുകാരനെന്നോ തേരാളിയെന്നോ ഒരുത്തന്റെ കർമഭാവത്തെ ഇക്കാലത്ത് വിലയിരുത്തിയാൽ തെറ്റി. പകരം ഭാഗ്യദൗർഭാഗ്യങ്ങൾ കണക്കിലെടുത്ത് ഓട്ടോഡ്രൈവർ മുതൽ പൈലറ്റെന്നോ കപ്പിത്താനെന്നോ വരെ പ്രവചിക്കേണ്ടി വരും. ജ്യോതിഷഗ്രന്ഥങ്ങൾ കാണാപാഠം പഠിച്ചതുകൊണ്ടായില്ലെന്നർഥം.

മറഞ്ഞുനില്ക്കുന്ന ബുധൻ, അഷ്ടമത്തിലെ ചൊവ്വ, നാലിൽ രാഹുവിനോടു കൂടി നില്ക്കുന്ന മന്ദൻ, ലഗ്നാൽ പന്ത്രണ്ടിൽ നില്ക്കുന്ന ക്ഷീണചന്ദ്രൻ എന്നിത്യാദി ഗ്രഹനിലകളിൽ വിശിഷ്യ കേമദ്രുമ യോഗത്തോടെ ജനിച്ചവന്റെ കർമമെന്തായിരിക്കും? മാട്ടുമാരണങ്ങൾ ചെയ്ത് നാടുമുടിച്ച് അവസാനകാലത്ത് തറവാടും മുടിക്കുന്ന ദുർമന്ത്രവാദി എന്നല്ലേ പ്രവചിക്കേണ്ടത്. മൂന്നിൽ സ്ഥിതനായ ഗുരുവിന് കേതുവിന്റെ ദൃഷ്ടി കൂടിയുണ്ടായാൽ അഡീഷണലായി ഏതെങ്കിലും ഭഗവതീക്ഷേത്രത്തിലെ കോമരത്തിന്റെ (വെളിച്ചപ്പാട്) പണികൂടിജാതകൻ നിർവഹിച്ചുക്കൊണ്ടിരിക്കുമെന്ന് നിസംശയം പറയാവുന്നതാണ്. എന്നാൽ ഇന്നത്തെ സ്ഥിതിക്കു പ്രസ്തുത പ്രവചനം മുഴുവനും അങ്ങ് ശരിയാകുമെന്ന അഭിപ്രായം എനിക്കില്ല.

ജോലിയുടെ സമാനതകൊണ്ട് ഇന്നത്തെ വില്ലേജ് ഓഫീസർ പഴയ പാറോത്യക്കാരനാണെന്നത് ശരിതന്നെ. എന്നാൽ, മേപ്പടി ഗ്രഹനിലയുടെ കാര്യത്തിൽ ജോലിയുടെ സമാനതയല്ല കണക്കിലെടുക്കേണ്ടത് ഫലത്തെയാണ്. ജാതകൻ ചെയ്യുന്ന കർമം എന്തു തന്നെ ആയിരുന്നാലും ആയതിന്റെ ഫലം മാട്ടുമാരണ ദുർമന്ത്രവാദ പ്രവൃത്തികളാലെന്നപോലെ സമൂഹത്തിനും തനിക്കുതന്നെയും ദോഷം ചെയ്യുന്നതാകുക. അത്തരം ദുഷ്കർമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മേപ്പടി ഗ്രഹനില ബാധകമായിരിക്കുമെന്നർഥം. കൂടാതെ മറഞ്ഞുനില്ക്കുന്ന ബുധന് നിറഞ്ഞ വിദ്യ എന്നുകൂടി വിധിയുള്ളതുകൊണ്ട് ഇക്കാലത്ത് അത്തരക്കാർ കലാശാല ബിരുദധാരികൾ കൂടി ആയിരിക്കണമെന്നും ചിന്തിക്കാമല്ലോ? അപ്പോൾ രാഷ്ട്രീയക്കാരെന്നും പറയുക വയ്യ. കാരണം ഇന്നത്തെ രാഷ്ട്രീയക്കാരന്റെ പ്രവൃത്തികൾ ഫലത്തിൽ മന്ത്രവാദിയുടെതെങ്കിലും സ്വന്തം തറവാട് കുളം തോണ്ടുമെന്ന് കരുതുവാൻ വയ്യ. അവസാനകാലം ചുരുങ്ങിയത് നാലു തലമുറക്കുതകുന്ന സമ്പാദ്യമെങ്കിലും കൈയിലിരിപ്പു കാണും.

ഈ അടുത്ത കാലത്തൊരു സംഭവം. വൈകുന്നേരം മൂന്നു മണിയായികാണും. പൂമുഖത്ത് പേരക്കുട്ടിയുമായി കളിതമാശ പറഞ്ഞിരിക്കുമ്പോൾ ഒരു വിദ്വാൻ കടന്നുവരുന്നു. പാന്റും മുറിക്കയ്യൻ ഷർട്ടും വേഷം. വയസ് അറുപതിനുമേൽ. സുമുഖൻ എങ്കിലും ദുർമന്ത്രവാദിയുടേതുപോലുള്ള കള്ള ദൃഷ്ടി. നിമിത്ത ലക്ഷണവും സമാനം. വെറുതെ കിടന്നിരുന്ന നായ മൂന്നാവർത്തി മോങ്ങി. ഈശാന കോണിലിരുന്ന് പല്ലി ചിലച്ചു. ശരിക്കും ഒന്നന്ധാളിച്ചു. ദുർനിമിത്തങ്ങൾ. കക്ഷി അവശനും ആർത്തനും, ആലംബഹീനനുമെന്ന് പറയണം. പഴയമിത്രങ്ങളും ബന്ധുക്കളും ശത്രുക്കളായി ഭവിച്ചിരിക്കണം. പ്രായശ്ചിത്തമോ, പ്രതിവിധിയോ ഇല്ലാത്ത അവസ്ഥ.

പ്രശ്നവശാലും, ജാതകവശാലും കാര്യങ്ങൾ അപഗ്രഥിച്ച് വിവരങ്ങൾ തുറന്നു പറഞ്ഞപ്പോൾ രാഘവൻ (പേര് കല്പിതം) വിസ്മയപ്പെട്ടു. എല്ലാം ശരിവച്ചു. ശിവങ്കൽ മാസം തോറും ധാരയും പാത്തന് വെള്ളനിവേദ്യവും മനസമാധാനത്തിനു വേണ്ടി കുറിച്ചു കൊടുത്തു. വെച്ചുനീട്ടിയ നൂറുരൂപ നോട്ട് സ്വീകരിക്കാതെ നന്ദി പറഞ്ഞു.

മുൻചൊന്ന എല്ലാ ലക്ഷണങ്ങളും സമ്മേളിച്ചതായിരുന്നു രാഘവന്റെ ഗ്രഹനില. ദുർമന്ത്രവാദിയാകണം. അഡീഷണലായി ഭഗവതീക്ഷേത്രത്തിലെ വെളിച്ചപ്പാടുമാകണം. നോക്കൂ. രാഘവൻ കൃഷിശാസ്ത്രം പഠിച്ച് ഒന്നാം ക്ലാസിൽ ഒന്നാമനായി പാസായി. ഉടനെ സർക്കാർ ഓഫീസറായി. അതോടെ നാട്ടിലെ തൊഴിൽരഹിതരായ യുവാക്കൾ ഉണർന്നു. പഞ്ചായത്തു തലത്തിൽ ശാസ്ത്രീയമായ കൃഷിരീതികളുടെ പ്രചരണാർഥം ഹരിതസംഘമെന്നോ മറ്റോ പേരിൽ ഒരു സംഘടന രൂപം കൊടുത്തു. രാഘവനെ ടി.സംഘത്തിന്റെ ആജീവനാന്ത രക്ഷാധികാരിയാക്കി. അഡീഷണലായി വെളിച്ചപ്പാടിന്റെ സ്ഥാനം ! അതുകൊണ്ടാണ് പ്രവചനം കാലസ്ഥിതിക്കനുസൃതമായിരിക്കണമെന്ന് ജ്യോതിഷം അനുശാസിക്കുന്നത്.

ഇനി രാഘവന്റെ ദുരവസ്ഥയുടെ കാരണങ്ങൾ പരിശോധിക്കാം. മാട്ടുമാരണങ്ങൾ വശത്താക്കിയ ദുർമന്ത്രവാദിക്കു തുല്യം ബഹുജനങ്ങളെ പുലിവാലുപിടിപ്പിക്കുവാൻ അക്ഷീണം സർക്കാരിനു വേണ്ടി പ്രവർത്തിച്ചു. അഡീഷണലായി അയൽക്കാരെയും ബന്ധുക്കളെയും പരമാവധി ദ്രോഹിക്കുക വഴി താൻ കുത്തിയ കുഴി തനിക്കാക്കി മാറ്റി. രാഘവന് കാരണവരുടെ വക കൈവശം കിട്ടിയ നാലിൽചില്ലാനും ഏക്കർ ഒന്നാംതരം തെങ്ങിൻതോട്ടം പെൻഷൻ പറ്റാറായപ്പോഴേക്കും ഒരു പരുവത്തിലാക്കി. ഭാര്യയും അഞ്ചു പെൺമക്കളുമൊത്ത് സർവീസിലിരിക്കെ കാസർകോട്ടു മുതൽ പാറശാല വരെ തലങ്ങും വിലങ്ങും ഓടിയ വകയിൽ റിട്ടയർ ചെയ്തപ്പോൾ പോക്കറ്റു കാലി. രണ്ടെണ്ണത്തെ ഞെങ്ങിഞെരുങ്ങി വിവാഹം ചെയ്തയച്ചു. മൂന്നെണ്ണം ബാക്കി. ഒരു മാർഗവും തെളിയുന്നില്ല.

കാലക്കേടിലും വിധിവൈപരീത്യത്തിലും ഇന്ന് രാഘവൻ വിശ്വസിക്കുന്നു. അത്രമാത്രം ശുഷ്കാന്തിയോടെ പരിചരിച്ചിട്ടും പാടത്ത് വിത്തിരട്ടിക്കാതിരുന്നതും നാനാവിധ രോഗങ്ങൾ ബാധിച്ച് തെങ്ങുകളും കവുങ്ങുകളും ഒന്നൊന്നായി വെട്ടിനശിപ്പിക്കേണ്ടി വരുന്നതും മറ്റൊന്നുകൊണ്ടുമല്ല. പ്രകടമായ തെളിവുകൾ, ആദ്യവർഷങ്ങളിൽ ഉത്പാദനം മൂന്നും നാലും ഇരട്ടി വർധിച്ചുവെന്നതാണ്. അങ്ങിങ്ങ് ശകുനം മുടക്കികളായി കാരണവന്മാർ നില നിർത്തിയിരുന്ന കുറ്റൻമാവുകളും പിലാവുകളും പേരറിയാത്ത വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളുമടങ്ങിയ കാവുകൾ വെട്ടിനശിപ്പിച്ച് പകരം തെങ്ങിൻതൈകൾ നട്ടു.

ശാസ്ത്രീയമായി തന്നെ പരിചരിച്ചു. സർപ്പകോപം തൊട്ടുതീണ്ടിയില്ല. സമൃദ്ധമായി ജലസേചനത്തിനുതകിയിരുന്ന കിണറുകൾ വറ്റിവരണ്ടു പോയതിനു കാരണം കാവുകൾ നശിച്ചതാണെന്ന പ്രകൃതിസ്നേഹികളുടെ വാദവും മുഖവിലക്കെടുക്കുവാൻ രാഘവൻ തയാറല്ല.

മിതമായാൽപോലും രാസവളങ്ങളുടെ ഉപയോഗം കാലക്രമത്തിൽ വിനാശം വിതയ്ക്കുമെന്ന അത്തരക്കാരുടെ അഭിപ്രായങ്ങളോടും രാഘവന് യോജിപ്പില്ല. കാലക്കേടിൽ വിശ്വസിക്കുന്നു. കേമദ്രുമ യോഗത്തിൽ. അതിനു പ്രതിവിധിയില്ലല്ലോ. കീടനാശിനികളും.